**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 792** **14-10-2026-ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ സൗജന്യ നൈപുണി പരിശീലനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും വീട്ടമ്മമാർക്കും ഭിന്നശേഷിക്കാർക്കും വിവിധ നൈപുണി പരിശീലനങ്ങൾ സൗജന്യമായി നടത്തുവാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**(ബി)** ഇത്തരം നൈപുണി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കൂടുതൽ വിജയകരമായി തീരുന്നതിന് എം.എൽ.എ.യുമായും ഗ്രാമ, ബ്ലോക്ക്, ജില്ലാ, പഞ്ചായത്തുമായും ബന്ധപ്പെടുത്തി ആവിഷ്കരിക്കാൻ തയ്യാറാകുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** നിലവിൽ നടന്നുവരുന്ന നൈപുണി പരിശീലനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**മറുപടി:** കേന്ദ്ര നൈപുണ്യ വികസനവും സംരംഭകത്വവും മന്ത്രാലയം (Ministry of Skill Development & Entrepreneurship MSDE) ആവിഷ്കരിച്ചിട്ടുള്ള ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി, അപ്രന്റീസ്ഷിപ്പ് പരിശീലന പദ്ധതി എന്നിവയാണ് വ്യാവസായിക പരിശീലന വകുപ്പിൽ നടപ്പിലാക്കി വരുന്നത്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിലവിൽ 109 ഐടിഐകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൽ 14 വനിത ഐടിഐകളും ഉൾപ്പെടുന്നു. എൻജിനിയറിംഗ് ട്രേഡ്, നോൺ എൻജിനിയറിംഗ് ട്രേഡ് വിഭാഗങ്ങളിലായി 78 ട്രേഡുകളിൽ പരിശീലനം നൽകി വരുന്നുണ്ട്. ഐടിഐ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് എന്നിവയും, അപ്രന്റീസ്ഷിപ്പ് പരിശീലനം ട്രേഡ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**